**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 412** **20-03-2025 - ൽ മറുപടിയ്ക്ക്**

**എസ്.സി.ഇ.ആർ.ടി. പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എം.വിജിൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി.ഇ.ആർ.ടി. പദ്ധതികൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും സഹായകമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഉണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക് അതോറിറ്റിയായിട്ടാണ് എസ്.സി.ഇ.ആർ.ടി പ്രവർത്തിച്ചു വരുന്നത്. പൊതു വിദ്യാഭ്യാസ മേഖലയിലെ കരിക്കുലം പരിഷ്കരണം, ഗവേഷണ പ്രവർത്തനങ്ങൾ, അദ്ധ്യാപകരുടെ പരിശീലനം എന്നിവ യാണ് പ്രധാനമായും എസ്.സി.ഇ.ആർ.ടി മുഖേന നടപ്പിലാക്കുന്നത്. അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ടീച്ചർ എഡ്യൂക്കേഷൻ മേഖലയിൽ പ്രത്യേക പാഠ്യ പദ്ധതി ചട്ടക്കൂട് വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും അദ്ധ്യാപകരുടെ ഇൻ-സർവ്വീസ് പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള വിവിധ പ്രോഗ്രാമുകൾ നടപ്പിലാക്കി വരുന്നു.** |
| (ബി) | എസ്.സി.ഇ.ആർ.ടി. കേരളം നടപ്പാക്കുന്ന കണ്ടിന്യുവസ് പ്രൊഫഷണൽ ഡെവലപ്മെന്റ് പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇത് അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എപ്രകാരം സഹായിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | കണ്ടിന്യുവസ് പ്രൊഫഷണൽ ഡെവലപ്മെന്റ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളും, ഇത് അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എപ്രകാരം ഉപയോഗപ്രദമാകുമെന്നതിനെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>* പാഠ്യപദ്ധതി ലക്ഷ്യമിടുന്ന അറിവും കഴിവും ഉള്ളവരാക്കി എല്ലാ കുട്ടികളെയും മാറ്റുന്നതിനായി, കേരളത്തിലെ പാഠ്യപദ്ധതി 2023-ന്റെ ദർശനവും സമീപനവും ഉൾക്കൊണ്ട് ഫലപ്രദമായ രീതിയിൽ വിനിമയം നടത്തുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കും.<br><br>* രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർക്ക് പാഠ്യപദ്ധതി ലക്ഷ്യങ്ങൾ ബോധ്യപ്പെടുത്തും<br><br>* വിജ്ഞാനസമൂഹ സൃഷ്ടിക്ക് അനുഗുണമായ രീതിയിൽ വിദ്യാഭ്യാസരംഗത്തെ പരിവർത്തിപ്പിക്കും. |

| | | | |
|---|---|---|---|
| | | | * വിവിധ ഏജൻസികളുടെ അക്കാദമിക പരിപാടികളെ പൊതുലക്ഷ്യത്തിന് അനുസൃതമായി ഏകോപിപ്പിക്കും.<br><br>*പരിശീലനത്തിന് ചർച്ച ചെയ്യുന്ന കാര്യങ്ങൾ ഗവേഷണാത്മക സ്വഭാവത്തോടെ പ്രയോഗിച്ചു നോക്കുന്നതിനും കണ്ടെത്തലുകൾ പങ്കുവെയ്ക്കുന്നതിന് സഹായകരമാകും.<br><br>* സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകരമാകും. |
| (സി) | ഹൈടെക് ടീച്ചർ ട്രെയിനിംഗ് പദ്ധതി മുഖേന സ്കൂൾ അദ്ധ്യാപകർക്ക് ഡിജിറ്റൽ അദ്ധ്യാപന പരിശീലനം നൽകുന്നതിന് എന്തെല്ലാം പരിശീലന രീതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ ഹൈടെക് ആക്കുന്നതിന് സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗം സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും, പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിലേയ്ക്ക് ഐ.ടി. ഉപകരണങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവ ഫലപ്രദമായി ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ഉപയോഗി ക്കുന്നതിന് എല്ലാ അദ്ധ്യാപകർക്കും പ്രത്യേക പരിശീലനവും നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്കായി നൽകിയ ഐ.ടി പരിശീലനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:<br><br>* ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യുന്നതിന് പ്രത്യേക ഐ.ടി. പരിശീലനം നൽകിയിട്ടുണ്ട്.<br><br>* ക്ലാസ് മുറികളിൽ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കി സമഗ്രപ്ലസ് പോർട്ടലിൽ ഉൾപ്പെടുത്തുകയും അവ ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>* പുതുതായി സർവീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകരുടെ പ്രൊബേഷൻ വിജയകര മായി പൂർത്തിയാക്കുന്നതിനുള്ള 'KOOL (KITE's Open Online Learning) കോഴ്സ് പ്രകാരം 49937 അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>* നിർമിതബുദ്ധി (AI) പഠന പ്രവർത്തന ങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് 31878 സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗം അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.<br><br>* ഇന്ത്യയിലെ സ്കൂൾ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി. |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകളിലെ 4440 കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്മാരായ അദ്ധ്യാപകർക്ക് ഹാർഡ്‌വെയർ അനിമേഷൻ & മൾട്ടിമീഡിയ, ഭാഷാ കമ്പ്യൂട്ടിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, ഇന്റർനെറ്റും സൈബർ സുരക്ഷയും, 3D മോഡലിംഗ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ കാലികമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഐ.സി.ടി പാഠപുസ്തകങ്ങളും പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകങ്ങളെ അടിസ്ഥാനമാക്കി യുള്ള പ്രത്യേക പരിശീലനം 2025 ഏപ്രിൽ മുതൽ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സ്കൂൾ ഇംപ്രൂവ്മെന്റ് പ്രോഗ്രാം മുഖേന നടപ്പാക്കുന്ന പുതിയ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളെക്കുറിച്ച് വിശദമാക്കാമോ; പ്രസ്തുത പരിപാടിയുടെ ഗുണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | സ്കൂൾ ഇംപ്രൂവ്മെൻറ് പ്രോഗ്രാം പരിശീലനങ്ങൾ മുഖേന വിദ്യാലയാധിഷ്ഠിത പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തി ക്കാനുള്ള നടപടികൾ നടന്നു വരുന്നു. പരിശീലനം പ്രായോഗികാനുഭവങ്ങളായി മാറ്റുന്നതിനും വിദ്യാലയം എന്ന കൂട്ടായ്മയെ മൊത്തത്തിൽ കണ്ടുള്ള പരിശീലനമാണ് ടി പദ്ധതിയിലൂടെ നൽകി വരുന്നത്. ഓൺലൈൻ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും കഴിയുന്നുണ്ട്. കാര്യക്ഷമമായ അദ്ധ്യാപക ഇടപെടലുകൾ സാധ്യമാക്കുവാനും. അധ്യാപകരുടെ മനോഭാവത്തേയും ആത്മ വിശ്വാസത്തെയും വർദ്ധിപ്പിക്കുവാനും ടി പദ്ധതിയിലൂടെ സാധ്യമാകുന്നുണ്ട്. |
| (ഇ) | ഗ്ലോബൽ ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം വഴി അന്താരാഷ്ട്ര അദ്ധ്യാപന രീതികൾ ഉൾപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി. ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്? | (ഇ) | ഗ്ലോബൽ ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം മുഖേന അന്താരാഷ്ട്ര അധ്യാപന രീതികൾ ഉൾപ്പെടുത്തുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>*ഫിൻലൻഡ് സർക്കാരിന്റെ പ്രതിനിധികൾ കേരളത്തിൽ നേരിട്ടെത്തി നമ്മുടെ വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാനും, സഹകരിക്കാവുന്ന മേഖലകളിൽ ഒന്നിച്ചു പ്രവർത്തിക്കുന്നതിനുള്ള അനുഭാവപൂർവ്വമായ നിലപാട് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>*അറബി ഭാഷയുടെ ഉന്നമനത്തിനായി സൗദി അറേബ്യ യൂണിവേഴ്സിറ്റി സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. സൗദി അറേബ്യ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള പരിപാടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ